18
ജനുവരി
2026

# വനിക
സംസ്ഥാന സ്കൂൾ കലോത്സവ പത്രിക

04
മകരം
1201

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 • തൃശ്ശൂർ



## സിയാ ഫാത്തിമയ്ക്ക് എ ഗ്രേഡ്

കലോത്സവ ചരിത്രത്തിൽ ആദ്യമായി ഓൺലൈനിലൂടെ കലോത്സവത്തിൽ പങ്കെടുത്ത കാസർകോട് ജില്ലയിലെ പടന്ന സ്കൂൾ വിദ്യാർത്ഥിയായ സിയാ ഫാത്തിമ എ ഗ്രേഡോടെ വിജയിയായി കാസർകോട് ജില്ലാ കലോത്സവത്തിൽ അറബി കലോത്സവത്തിൽ പോസ്റ്റർ നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനക്കാരിയായിരുന്നെങ്കിലും ചികിത്സയുടെ ഭാഗമായി മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുമായിരുന്നില്ല.



സിയ വിദ്യാഭ്യാസ മന്ത്രിക്കയച്ച സന്ദേശത്തെത്തുടർന്ന് പ്രത്യേക പരിഗണന നൽകി ഓൺ ലൈനിൽ മത്സരിക്കുകയായിരുന്നു. 'വാസ്കുലൈറ്റിസ്' എന്ന അസാധാരണ രോഗം ബാധിച്ച സനാ രോഗത്തിന്റെ ഭാഗമായി ക്വാറന്റയിനിലാണ്.

മത്സരത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയെ അറിയിക്കുകയും അദ്ദേഹം ഇടപെട്ടതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുകൂല റിപ്പോർട്ട് നൽകുകയും ചെയ്തു തുടർന്ന് സേനയ്ക്ക് ഓൺ ലൈനിലൂടെ മത്സരിക്കാനുള്ള അവസരം ഒരുങ്ങുകയായിരുന്നു.

## ഞങ്ങളും വന്നു തൃശൂർ 'കലാ' പൂരം കാണാൻ

ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ നിന്നും സെറിബ്രൽ പാൽസി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾ കലോത്സവം കാണാൻ തൃശൂരിൽ എത്തി. സംസ്ഥാന സ്കൂൾ കലോത്സവം തൃശൂരിൽ



എത്തിയപ്പോൾ ഈ കുട്ടികളും കലോത്സവത്തിന്റെ ഭാഗമാകണമെന്ന ആഗ്രഹം ഡയറക്ടറായ ഡോ. അബ്ബാസ് അലി സംഘാടകരെ അറിയിക്കുകയും അവർ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. 40 കുട്ടികളും അധ്യാപകരും രക്ഷിതാക്കളുമടങ്ങുന്ന സംഘം വേദി 3 ലെ മലയ പുലയ ആട്ടം ആസ്വദിക്കുകയും കലോത്സവത്തിന്റെ ഭാഗമാകുകയും ചെയ്തു. പോലീസു കാരും വളണ്ടിയർമാരും കുട്ടികളെ ചേർത്തുപിടിച്ച് വേദിയുടെ മുമ്പിലേക്ക് കൊണ്ടു പോയത് കണ്ടുനിന്നവർ സന്തോഷത്തോടെ കൈയടിച്ചു. വിദ്യഭ്യാസ മന്ത്രി വി. ശിവൻകുട്ടി അവരുടെ അടുത്തെത്തി. സമഗ്ര ശിക്ഷാ ജില്ലാ പ്രോഗ്രാം ഓഫീസർ ബ്രിജി കെ. ബി, എസ്. എസ് കെ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ എന്നിവർ കുട്ടികളെ അനുഗമിച്ചിരുന്നു. കലാപൂരം ആസ്വദിച്ചതിന്റെ ആനന്ദമായാണ് കുട്ടികൾ മടങ്ങിയത്.



# കാണെക്കാണെ കുതുകകരം

**പ്രൊഫ എം.ഹരിദാസ്**



തൃശ്ശൂർക്കാരനും സുഹൃത്തും ആയ പി.കെ.പുഷ്കരൻ ജോയിൻ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ആയിരുന്ന അവസരത്തിലാണ് തൊണ്ണൂറുകളുടെ ആദ്യ പാതിയിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിധികർത്താവായി ഞാൻ ആദ്യമായി ക്ഷണിക്കപ്പെടുന്നത്. സർവ്വകലാശാലകളിൽ സോണൽ ഇന്റർസോൺ തലങ്ങളിലും ജില്ലാ തല സ്കൂൾ കലോത്സവങ്ങളിലും വിധികർത്താവായിട്ടുണ്ടെങ്കിലും, സംസ്ഥാനതല മത്സരത്തോടനുബന്ധിച്ച് ഉയരാറുള്ള തർക്കങ്ങളെക്കുറിച്ച് കേട്ടറിവുള്ളതിനാൽ ചെറുതല്ലാത്ത ചങ്കിടിപ്പോടെയാണ് ഞാൻ ആ ക്ഷണം സ്വീകരിച്ചത്. രചനാമത്സരങ്ങൾക്കും, പ്രസംഗം, കാവ്യകേളി, അക്ഷരശ്ലോകം, മലയാളം പദ്യം ചൊല്ലൽ എന്നീ ഇനങ്ങൾക്കും ആണ് തുടക്കത്തിൽ വിധിനിർണ്ണയം നടത്തിയത്.

രചനാമത്സരങ്ങൾക്കും പ്രസംഗത്തിനും വിഷയങ്ങൾ നിർണ്ണയിക്കുന്നതും അക്കാലത്ത് വിധികർത്താക്കളുടെ ചുമതലയായിരുന്നു. ഹയർ സെക്കണ്ടറി വിഭാഗം ശൈശവദശയിലായയായിരുന്നതിനാൽ അവരുടെ കലോത്സവം മൂന്നോ നാലോ സോണുകളിലും, തുടർന്ന് സംസ്ഥാനതലത്തിലും ആയി പ്രത്യകമായിട്ടായിരുന്നു നടത്തിയിരുന്നത്. എന്നാൽ ടീച്ചർ ട്രെയിനിംഗ്,പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ കലാമത്സരങ്ങളും സ്കൂൾ കലോത്സവത്തോടൊപ്പ മായിരുന്നു സംഘടിപ്പിച്ചിരുന്നത്. വിധിനിർണ്ണയത്തിന് അഞ്ച് പേരുടെ പാനൽ ആയിരുന്നു പതിവ്. ഒട്ടേറെ പ്രശസ്തരായ സാഹിത്യകാരന്മാരും, കലാകാരന്മാരും, സാംസ്കാരിക പ്രവർത്തകരും വിധിനിർണ്ണയപാനലിൽ ഉണ്ടാകാറുണ്ട്. ഡോ പി.വി. കൃഷ്ണൻ നായർ, ഡോ ഷൊർണൂർ കാർത്തികേയൻ, ഡോ. വി.കെ. വിജയൻ, ഡോ എ.കെ. നമ്പ്യാർ, ഡോക്ടർ പി.എൻ. ഗണേഷ്, മുണ്ടൂർ കൃഷ്ണൻകുട്ടി, പെരുവനം കുട്ടൻമാരാർ , പായിപ്ര രാധാകൃഷ്ണൻ, കുരീപ്പുഴ ശ്രീകുമാർ, നളിനി ബേക്കൽ, മണമ്പൂർ രാജൻബാബു, രാവുണ്ണി, വി.ജി. തമ്പി , കടാങ്കോട് പ്രഭാകരൻ എൻ.പി. വിജയകൃഷ്ണൻ, രാജീവ് ആലുങ്കൽ തുടങ്ങി ആ നിര വളരെ നീണ്ടതാണ്. പെട്ടെന്ന് ഓർമ്മ വരുന്ന ചില പേരുകൾ പറഞ്ഞു എന്ന് മാത്രം.

2025ൽ തിരുവനന്തപുരത്ത് നടന്നതടക്കം മിക്കവാറും എല്ലാ വർഷവും ഏതെങ്കിലും ഒരു ഇനത്തിനെങ്കിലും വിധിനിർണ്ണയം നടത്തുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

ആദ്യകാലങ്ങളിൽ രചനാമത്സരങ്ങൾക്കാണ് കുടുതലും നിയോഗിക്കപ്പെട്ടിരുന്നത്. കഴിഞ്ഞ രണ്ട് ദശകങ്ങളിൽ കാവ്യകേളി, അക്ഷരശ്ലോകം, മലയാളം പദ്യം ചൊല്ലൽ എന്നിവയിൽ ഏതെങ്കിലും ഇനത്തിലാണ് ഇരിക്കേണ്ടി വരാറുള്ളത്.

ചെലവ് ചുരുക്കലിന്റെ ഭാഗമായി വിധികർത്താക്കളുടെ എണ്ണം അഞ്ചിൽ നിന്നും മൂന്നായി കുറച്ചതാണ് കാലാന്തരത്തിൽ വന്ന ഒരു മാറ്റം. വിധിപ്രഖ്യാപനം നടത്തുന്ന സന്ദർഭത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരുടെ നമ്പർ പറയേണ്ടതില്ല എന്ന തായിരുന്നു ഏറ്റവും പ്രധാനപ്പെട്ട മാറ്റം. അ, ആ, ഇ തുടങ്ങി ഗ്രേഡുകൾ മാത്രം അനൗൺസ്

ചെയ്യുന്ന രീതിയാണല്ലോ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് മൂന്ന് തലങ്ങളിലെ മത്സരങ്ങൾ കടന്നു വന്ന പ്രതിഭാശാലികളാണ് മത്സരാർത്ഥികൾ എന്നതിനാൽ ഭൂരിപക്ഷത്തിനും എ ഗ്രേഡ് തന്നെയാണ് ലഭിക്കുന്നത്.

സ്ഥാനങ്ങൾ വിളിച്ചുപറഞ്ഞിരുന്ന അവസരത്തിലാണ് അസുഖകരമായ പല അനുഭവങ്ങളും ഉണ്ടായിട്ടുള്ളത്. അഞ്ച് പേർ ഉൾപ്പെടുന്ന വിധികർത്താക്കളിൽ ഒരാളാണ് അത് നിർവ്വഹിക്കേണ്ടിയിരുന്നത്. ആദ്യകാലത്തൊക്കെ മുതിർന്ന എതെങ്കിലും പാനലംഗത്തെ ആ ജോലി ഏല്പിച്ച് സ്വയം മാറിനില്ക്കുന്നതായിരുന്നു എന്റെ പതിവ് . കോടതിയിൽ നിന്നും, ഡയറക്ടറിൽ നിന്നും ഉള്ള പ്രത്യേകാനുമതിയും

മറ്റുമായി വരുന്നവരടക്കം പതിന്നാല് ജില്ലകളിൽ നിന്നായി 20 വരെ വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കാറുണ്ട്.. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ പ്രഖ്യാപിക്കുന്നതോടെ വലിയ ബഹളവും, ഉന്തും, തള്ളും മറ്റും പതിവാണ്. പോലീസ് അകമ്പടിയിലാണ് വേദിയിൽ നിന്ന് ഓഫീസിലേക്ക് തിരിച്ചുപോകാറുള്ളത്, സ്ഥാനം കിട്ടുമെന്ന് ഉറപ്പിച്ച് വന്ന മത്സരാർത്ഥികളുടെ രക്ഷിതാക്കളിൽ പലരും സമ്മാനം കിട്ടിയില്ല എന്നറിയുമ്പോൾ ക്ഷുഭിതരും അക്രമാസക്തരുമായി മാറാറുണ്ട്. ഒരു വർഷം മലയാളം പ്രസംഗമത്സരത്തെത്തുടർന്ന് പായിപ്ര രാധാകൃഷ്ണൻ മത്സരഫലം പറഞ്ഞപ്പോൾ ആർത്തലച്ച് ശബ്ദിച്ചുവന്ന ഒരു സ്ത്രീ 'കഴിഞ്ഞ തവണയും താൻ എന്റെ മകന് മാർക്കിട്ടില്ല. താനും തന്റെ സന്തതികളും നശിച്ചു പോകയേ ഉള്ളൂ' എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ തോളിൽ പിടിച്ച് ആക്രോശിച്ചത് എന്നിക്കോർമ്മയുണ്ട്. 'ഈ ശാപം നിങ്ങൾക്കു കൂടി ബാധകമാണ്' എന്ന ഭാവത്തിൽ ഞങ്ങളെ നോക്കുന്ന പായിപ്രയുടെ മുഖഭാവം ഞാൻ ഇപ്പോഴും ഓർക്കുന്നു.!

അഞ്ച് ദിവസത്തെ മേള വലിയ ഒരു സുഹൃത്ത് വലയത്തെ സമ്മാനിക്കാറുണ്ട്. ഉച്ചഭാഷിണി രാത്രിയിൽ ശബ്ദിക്കാൻ പാടില്ല എന്ന നിയമം പ്രാബല്യത്തിൽ വരുന്നതിന് മുന്നേയുള്ള കലോത്സവങ്ങളിൽ മിക്കവാറും രാത്രി ഒന്നിനും രണ്ടിനും മാത്രമേ വേദിയിലെ വെളിച്ചം അണക്കാറുള്ളൂ. അത്രയും നേരം വിവിധ കലകൾക്ക് വിധികർത്താക്കളായി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയവർ 'വെടിവട്ടം' നടത്തി ജഡ്ജസ് റൂമിൽ കഴിച്ചു കൂട്ടുകയായിരുന്നു പതിവ്. പുറത്തുവന്ന് ഏതെങ്കിലും ഒഴിഞ്ഞ മൂലയിൽനിന്ന് സിഗരറ്റ് വലിച്ച് (പൊതുസ്ഥലത്ത് പുകവലി വിലക്കുന്ന നിയമവും അന്ന് ഉണ്ടായിരുന്നില്ല.) സൗഹൃദം ഊട്ടിയുറപ്പിച്ചിരുന്നതിന്റെ മാധുര്യം ഊറുന്ന സ്മരണകൾ ഇന്നും മനസ്സിന്റെ അറകളിലുണ്ട്. അങ്ങനെ അടുത്തവരിൽ ഒരാളായിരുന്നു പുറമേയ്ക്ക് ഗൗരവക്കാരനായ മുണ്ടൂർ കൃഷ്ണൻകുട്ടി മാഷ്.

പലർക്കും മുഷിപ്പനായി അനുഭവപ്പെടുന്ന ഈ , ദൗത്യം ഞാൻ തുടർച്ചയായി ഏറ്റെടുത്തു പോന്നത് എന്തുകൊണ്ട് എന്ന ചോദ്യം സംഗതമാണ് എന്നെനിക്കറിയാം. പുതുതലമുറയുടെ ഭാവനാവിലാസവും താല്പര്യങ്ങളും അടുത്തറിയാൻ ലഭിക്കുന്ന സുവർണ്ണാവസരം ആണ് ഇത് എന്നതാണ് അതിനുള്ള ഉത്തരം. അതിൽ ഞാൻ ആനന്ദിക്കുകയും ചെയ്യുന്നു..

'കാണെക്കാണെ കുതുകകരം' എന്നേ അതിനെക്കുറിച്ച് പറയാനാവൂ..


## പത്രാധിപസമിതി

**ചീഫ് എഡിറ്റർ:**
എം.എ അരുൺ കുമാർ

**ചീഫ് കോർഡിനേറ്റർ :**
രമേഷ് എൻ കെ

**എഡിറ്റർ:**
സി.എ നസീർ

**സബ് എഡിറ്റർമാർ :**
ഡോ. ബിലു സി നാരായണൻ
രാകേഷ് എൻ ആർ, റീബ പോൾ

**പത്രാധിപ സമിതി അംഗങ്ങൾ**
ടി.വി. മദനമോഹനൻ, ഇ.ഡി. ഡേവീസ്
ഡോ. എം. എൻ വിനയകുമാർ
ശാന്തി പി.കെ, പ്രസന്നകുമാരി എം.വി
സി.ജെ ബിന്നറ്റ്, ബ്രിജി കെ. ബി

**ഉപദേശക സമിതി:**
എ.സി മൊയ്തീൻ എം.എൽ.എ
യു.പി. ജോസഫ്, ഡോ. സിജി പി.സി
സാജൻ ഇഗ്നേഷ്യസ് സി, പ്രമോദ് കെ

**ഡിസൈനിംഗ്:** ജെയ്സൻ വടക്കൻ

**ഡി. ടി. പി:** ആനന്ദവല്ലി എം


# കുട്ടികളുടെ നാടകവേദിയുടെ സങ്കല്പയാഥാർത്ഥ്യങ്ങൾ

**കെ.വി.ഗണേഷ്/റീബപോൾ**



**കു**ട്ടികളുടെ നാടക ചരിത്രത്തിൽ വിസ്മരിക്കാനാകാത്ത പേരാണ് കെ.വി.ഗണേഷിന്റേത്. കെട്ടുകാഴ്ചകളുടെ കലയല്ല കുട്ടികളുടെ നാടകമെന്ന് വിശ്വസിക്കുന്ന പ്രശസ്ത നാടക സംവിധായകൻ കെ.വി.ഗണേഷുമായി എഴുത്തുകാരിയും, നാടകപ്രവർത്തകയും, അധ്യാപികയുമായ റീബാപോൾ നടത്തിയ അഭിമുഖത്തിൽ നിന്ന്.

റീബപോൾ : കുട്ടികളുടെ സർഗ്ഗാത്മകതയിൽ നാടകവേദിക്ക് വലിയ പങ്കുണ്ട്. 'കുട്ടികളുടെ നാടകവേദി'എന്ന ആശയം ഇന്ന് എത്തിനിൽക്കുന്നതെവിടെ?

കെ.വി ഗണേഷ് : കുട്ടികളുടെ നാടകവേദി എല്ലാ അർത്ഥത്തിലും അരങ്ങിലും അണിയറയിലും ചേർന്നു നിൽക്കുന്ന കുട്ടികൾക്കും, കുട്ടികളായ പ്രേക്ഷകർക്കും സ്വീകാര്യമായ പ്രമേയവും അംഗചലനവും സർഗ്ഗഭാവനയും പകർന്നു നൽകാൻ ഉതകുന്ന മാനസികവ്യാപാരവും ഭാഷയും രംഗപ്രയോഗങ്ങളും നിറഞ്ഞതായിരിക്കണം.

റീബപോൾ : കുട്ടികളുടെ നാടകവേദിക്ക് അതിന്റെ വളർച്ച സാധ്യമായത് എങ്ങനെയാണ്?

കെ.വി.ഗണേഷ് : തൊണ്ണൂറുകൾ മുതലാണ് യുവജനോത്സവങ്ങളിലാണ് ലക്ഷണമൊത്ത കുട്ടികളുടെ നാടകവേദിയുടെ രംഗാവതരണങ്ങൾ കാണാൻ തുടങ്ങിയത്. സ്കൂൾ ഓഫ് ഡ്രാമയുടെ വളർച്ചയോടൊപ്പം തന്നെ ആ കാലത്ത് ശങ്കരപ്പിള്ള സാറിനോടൊപ്പം നിന്നിരുന്ന ചില അധ്യാപക സുഹൃത്തുക്കളും ആദ്യകാല ശില്പശാലകളിൽ പങ്കാളികളായവരൊക്കെത്തന്നെ അവരുടെ ഗ്രാമപ്രദേശങ്ങളിൽ നിന്നും അടുത്തുള്ള സ്കൂളുകളിൽ നിന്നും മാതൃകാപരമായ നാടകങ്ങൾ രൂപപ്പെടുത്തി സംസ്ഥാന യുവജനോത്സവങ്ങളിൽ എത്തിച്ചതിന്റെ തുടർച്ചയായിട്ടാണ് കുട്ടികളുടെ നാടകസങ്കല്പമെന്ന തരത്തിൽ നാടകങ്ങൾ യുവജനോത്സവങ്ങളിൽ അവതരിപ്പിക്കപ്പെട്ടു തുടങ്ങിയത്. കുട്ടികളുടെ നാടകവേദി എന്ന സങ്കല്പം വളരാൻ സഹായകമായത് ബാലസംഘത്തിന്റെ നേതൃത്വത്തിലുള്ള 'വേനൽത്തുമ്പി' കലാജാഥയിലൂടെയാണ്. ഒരേ സമയം ഒരുപാട് വേദികളിൽ അവതരിപ്പിക്കപ്പെടുന്നതിന് ലോകത്തിനു തന്നെ മാതൃകയാണ് ബാലസംഘത്തിന്റെ നേതൃത്വത്തിലുള്ള 'വേനൽത്തുമ്പി' കലാജാഥ.



റീബപോൾ: കുട്ടികളുടെ നാടകവേദികൾ, പലപ്പോഴും മുതിർന്നവർ കുട്ടികൾക്കു വേണ്ടി തയ്യാറാക്കുന്നവയാണെന്നു തോന്നിയിട്ടുണ്ട്. അങ്ങനെ യാവുമ്പോൾ അത് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്ന് വ്യതിചലിക്കുന്നില്ലേ?

കെ വി ഗണേഷ് : കുട്ടികളുടെ നാടകവേദിയെ സൂക്ഷ്മമായി പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നാല് രീതിയിൽ തരം തിരിയ്ക്കാം

1. അരങ്ങിലും അണിയറയിലും മുതിർന്നവർ പ്രവർത്തിച്ചു കൊണ്ട് കുട്ടികൾക്കു വേണ്ടി തയ്യാറാക്കുന്നവ.

2. ആരുടെയും സഹായമില്ലാതെ കുട്ടികൾ രൂപപ്പെടുത്തിയെടുക്കുന്ന എല്ലാ അർത്ഥത്തിലും കുട്ടികളുടേത് മാത്രമായ നാടകാവതരണങ്ങൾ. ഇത്തരം നാടകങ്ങൾ ഇന്ന് സ്കൂളുകളിൽ നടക്കുന്നുണ്ടെങ്കിലും ജില്ലയിലോ ഉപജില്ലയിൽ പോലും അവതരണത്തിന് എത്തുന്നില്ല എന്നാണ് എന്റെ ബോധ്യം.

3. മുതിർന്നവരുടെ സഹായത്താൽ അരങ്ങിലെത്തുന്നതാണ് മൂന്നാമത്തേത്.

4. നാലാമത്തേത്, അരങ്ങിലേക്ക് ഒരു നാടകമൊരുക്കുക എന്ന ലക്ഷ്യമില്ലാതെ കുട്ടികൾക്കു വേണ്ടി തിയേറ്റർ ഗെയിമുകളിലൂടെ സൃഷ്ടിച്ചെടുക്കുന്ന കളിയിടങ്ങൾ അഥവാ കുട്ടികൾക്ക് ഇന്ന് നഷ്ടപ്പെട്ടു കൊണ്ടിരിയ്ക്കുന്ന കളിമുറ്റങ്ങൾ സൃഷ്ടിച്ചെടുക്കുക.

ഇത്തരം നാടക വേദികൾ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസത്തിന് ഒരു ബോധന സമ്പ്രദായമാക്കുന്നതിനും സർഗ്ഗഭാവന, ശാരീരികശേഷി, ജീവിതത്തിന് ആവശ്യമായ ലോകപരിചയം എന്നീ കാര്യങ്ങൾ അഭ്യസിക്കാനും അവരെത്തന്നെ അവരായിക്കാണാനും സഹായിക്കുന്നു.

റീബപോൾ : കുട്ടികളുടെ സർഗ്ഗാത്മകത സ്വതന്ത്രമായി വികസിക്കുന്നതിന് കലോത്സവങ്ങൾ സഹായിക്കുന്നുണ്ടോ?

കെ വി ഗണേഷ് : ഉണ്ട് എന്നതുതന്നെയാണ് ഒന്നാമത്തെ ഉത്തരം പക്ഷേ ചില കാര്യങ്ങൾ കൂടി പറയേണ്ടി വരും കുട്ടികൾ നാടകത്തിൽ കേവലം കലാസ്വാദനത്തിനുള്ള വേദി സൃഷ്ടിയ്ക്കുക എന്ന ദൗത്യം മാത്രമല്ല നിർവ്വഹിയ്ക്കുന്നത്. അവർ നാളത്തെ പൗരൻ ആണ്. കുട്ടിയായിരിയ്ക്കുമ്പോൾ തന്നെ പൗരൻ എന്ന നിലയിൽ സാമൂഹികമായ ഒരു ഇടപെടൽ നടത്തുക കൂടിയാണ് ചെയ്യുന്നത്.

തിയേറ്ററിലൂടെ വളരുക എന്നത് ലോകത്തെ കണ്ടറിഞ്ഞുള്ള വളർച്ച തന്നെയാണ് ഈ വളർച്ചയെ ഗുണകരമായ വഴിയിലൂടെ തിരിച്ചുവിടാൻ സംസ്ഥാന യുവജനോത്സവത്തിന്റെ ബൈലോയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

റീബപോൾ : കെട്ടുകാഴ്ചകളുടെയും പണക്കൊഴുപ്പിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാൻ കുട്ടികളുടെ നാടകവേദിക്ക് മറ്റു പരീക്ഷണങ്ങൾ പ്രായോഗികതലത്തിൽ സാധ്യമാണോ?

കെ വി ഗണേഷ് : കുട്ടികളുടെ നാടകവേദി കെട്ടുകാഴ്ചയായി മാറേണ്ടതല്ല. മറിച്ച് കുട്ടിയാണ് അതിൽ പ്രധാനം. അഭിനേതാവായ കുട്ടിയെയും, പ്രേക്ഷകരിലെ കുട്ടിയെയും എല്ലാ അർത്ഥത്തിലും മുന്നോട്ട് നയിക്കുന്നതാകണം കുട്ടികളുടെ നാടകവേദി. കുട്ടികളുടെ ഭാവനയെ ഉണർത്തുന്ന തരത്തിലുള്ളതായിരിക്കണം സംഭാഷണം, രംഗസാമഗ്രികൾ, സംഗീതം, വേഷം തുടങ്ങിയവയെല്ലാം. എന്നാൽ ഇന്നത്തെ കുട്ടികളുടെ നാടകവേദിയിൽ വലിയ പണച്ചെലവുള്ള കെട്ടുകാഴ്ചകളും യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ചലിപ്പിയ്ക്കുന്ന സംവിധാനങ്ങളും ഒക്കെയായി പണക്കൊഴുപ്പിന്റെ ധാരാളിത്തമാണ് കാണാനാകുന്നത്.

അത്തരം അരങ്ങുകളിൽ കുട്ടികൾ ഇല്ലാതാവുകയും സംവിധായകനും ക്രാഫ്റ്റുമാനും എഞ്ചിനീയറും ഹീറോയാകുകയാണ് ചെയ്യുന്നത്. കുട്ടികളുടെ നാടകവേദി ഇന്ന് പരിപൂർണ്ണമായി മുതിർന്നവർ അപഹരിച്ചിരിയ്ക്കുന്നു. മുതിർന്നവരുടെ ഭാവനാ ലോകമല്ല അരങ്ങിൽ കണേണ്ടത്.

## ഉത്തരവാദിത്ത കലോത്സവം

# ചാരെ


## പദ്ധതിയുമായി ഹയർസെക്കൻഡറി എൻ എസ് എസ് വിദ്യാർത്ഥികൾ




**തൃ**ശ്ശൂരിൽ എത്തിച്ചേരുന്ന കലാപ്രതിഭകൾക്കായി അവരുടെ താമസ സ്ഥലത്തേക്ക് ആവശ്യമായ വസ്തുക്കൾ തൃശ്ശൂർ ഹയർ സെക്കൻഡറി എൻഎസ്എസ് യൂണിറ്റുകൾ തൃശ്ശൂർ ജില്ലയിലെ തനത് പദ്ധതിയായ ചാരെ പദ്ധതിയിലൂടെ കൈമാറുന്നു. ഉത്തരവാദിത്ത കലോത്സവം എന്ന ആശയം ഉയർത്തിപ്പിടിച്ചു കൊണ്ട് കലോത്സവ സമാപനശേഷം എല്ലാ താമസസ്ഥലങ്ങളിലെയും സാധനസാമഗ്രികൾ കളക്ട് ചെയ്യുകയും തരം തിരിക്കുകയും ഇവയിലെ ഉപയോഗ യോഗ്യമായത് ജില്ലയിലെ വിവിധ ഉന്നതികളിലെ ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു. പുനരുപയോഗിക്കാൻ പറ്റാത്തവ ഹരിതകർമ്മ സേനക്ക് കൈമാറുകയും ചെയ്യുന്നു.തൃശൂർ ജില്ലയിലെ ഹയർസെക്കൻഡറി എൻ എസ് എസ് വളണ്ടിയർമാരായ 13,200 വിദ്യാർത്ഥികളാണ് ഈ ദൗത്യത്തിൽ പങ്കാളികളാവുക.

## സർഗ്ഗാത്മകതയുടെ പൂരക്കാഴ്ചകൾ

### വൈശാഖൻ



ആഫ്രിക്കയിൽ ഹോമോ സോപ്പിയനുകൾ പിറന്ന കാലം മുതൽ മനുഷ്യന്റെ അതിജീവനത്തിന് നിദാനമായത് സർഗ്ഗാത്മകതയാണ്. വേട്ടയാടലിനും സ്വയം പ്രതിരോധനത്തിനുമായി ഉണ്ടാക്കിയെടുത്ത ആദ്യകാല ആയുധങ്ങളായിരിക്കാം മനുഷ്യന്റെ ആദ്യസർഗ്ഗാത്മക സൃഷ്ടിയും. പിന്നീട് ഗുഹാചിത്രങ്ങൾ, ഭാഷ, ലിപി അങ്ങിനെ സർഗ്ഗാത്മകത വികസിച്ചു. വിവിധ കലാരൂപങ്ങൾ ചിന്തയുടെയും സൗന്ദര്യത്തിന്റെയും സമ്മേളനമായ സാഹിത്യം, ശാസ്ത്രം തുടങ്ങിയവയെല്ലാം ചേർന്ന് അങ്ങിനെ ആധുനിക മനുഷ്യരാശിക്കും രൂപം നൽകി. ലോകത്തിൽ സർഗ്ഗാത്മകതയുടെ കാര്യത്തിൽ മനഷ്യക്കുട്ടികളാണ് ഏറ്റവും മുന്നിൽ. അവരിലെ സർഗ്ഗാത്മകഭാവനയുടെ പ്രയോഗത്തിന്റെ ഉത്സവമാണ് സംസ്ഥാന സ്ക്കൂൾകലോത്സവം. പ്രതിഭാശാലികളായ അവരാണ് നമ്മുടെ സ്വപ്നങ്ങളെ നാളെ യാഥാർത്ഥ്യമാക്കാൻ പോകുന്നത്. നവകേരള ശിൽപികളുടെ മഹാസംഗമം ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ് നമ്മുടെ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ്. സംസ്ഥാന സ്ക്കൂൾ കലോത്സവത്തിന് വിജയാശംസകൾ.

### കലോത്സവം

## പോയിന്റ് നില

249 ഇനങ്ങളിൽ 216 ഇനങ്ങൾ പൂർത്തീകരിച്ചപ്പോൾ പോയിന്റ് നില

1. കണ്ണൂർ ജില്ല 887
2. കോഴിക്കോട് 879
3. പാലക്കാട് 877



# ഗോത്ര താളങ്ങളിൽ അലിഞ്ഞ് തേക്കിൻകാട്





**ഇ**ലഞ്ഞിയെ താളം പഠിപ്പിച്ച തൃശൂരുകാർക്ക് ഗോത്ര നൃത്തയിനങ്ങൾ നടമാടിയ തേക്കിൻകാട്ടിലെ നീലക്കുറിഞ്ഞി വേദി വ്യത്യസ്തമായ അനുഭവമായിരുന്നു. മലപ്പുലയ ആട്ടം, പളിയ നൃത്തം, ഇരുള നൃത്തം തുടങ്ങിയ ഗോത്രനൃത്തങ്ങൾ മത്സരത്തിൽ ഉൾപ്പെടുത്തിയതിനു

ശേഷം ആദ്യമായാണ് സാംസ്കാരിക നഗരി ഇവ കാണുന്നത്. അതുകൊണ്ടു തന്നെ കാണികൾ ഏറ്റവും കൂടുതൽ ചോദിച്ചറിഞ്ഞ് എത്തിയ വേദിയായി 'നീലക്കുറിഞ്ഞി' മാറി. അവസാനമത്സരവും കഴിയുന്നതു വരെ നിറഞ്ഞു നിന്നു ജനക്കൂട്ടം.

പാട്ടില്ലാതെ കൊട്ടും വായ്ത്താരിയും മാത്രമുള്ള മലപ്പുലയനൃത്തം കണ്ടു കൊണ്ടിരുന്നവർ തുടക്കത്തിൽ ഇതെന്താ പാട്ടില്ലേ എന്ന സംശയം ചോദിക്കുന്നുണ്ടായിരുന്നു. പിന്നെ പല വേഗങ്ങളിൽ മുറുകിയും അയഞ്ഞും കൊട്ടിക്കയറുന്ന താളത്തിനൊപ്പം പൂരനാളിലെന്നപോലെ ജനം കയ്യും മെയ്യും മറന്ന് മത്സരാർത്ഥികളുടെ താളം ഏറ്റെടുത്ത് ഇളകിയാടി. ഇതുവരെ പരിചയമില്ലാത്ത ചുവടുകൾ കണ്ട് കണ്ണിൽ കൗതുകം കൊണ്ടു. കേരളത്തിന്റെ ഗോത്രകലാകരുത്തിന് പൂരനഗരിയിലെ കാഴ്ചക്കാർ നൽകിയത് അസ്വാദനത്തിന്റെ മേളപ്പെരുക്കം കൊണ്ടുള്ള അഭിവാദ്യം!

എഡിറ്റോറിയൽ

## ഒന്നിച്ചൊന്നായ് മുന്നേറാം

കേരള സ്കൂൾ കലോത്സവം മലയാളികളുടെ അഭിമാനമാണ്. ഓരോ കലോത്സവവും പുത്തൻ കലാപ്രതിഭകളെ സ്വീകരിക്കുന്ന വേദിയായി മാറുന്നു. കലോത്സവ നടത്തിപ്പിനൊപ്പം കലോത്സവ സംബന്ധിയായ കാഴ്ചകളും അറിവുകളും മത്സരാർത്ഥികൾക്കും കലോത്സവ പ്രേമികൾക്കും നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രോഗ്രാം കമ്മിറ്റി ഒരു വാർത്താപത്രിക ഇറക്കണം എന്ന് തീരുമാനിച്ചത്. മുൻ വർഷങ്ങളിൽ (2012, 2018) കൂടിയാട്ടം, ഇലഞ്ഞി എന്നീ പേരുകളിൽ വാർത്താ പത്രിക ഇറക്കിയപ്പോൾ ലഭിച്ച സ്വീകാര്യതയും ആ തീരുമാനത്തെ സ്വാധീനിച്ചിട്ടുണ്ട്. കലോത്സവ വേദികൾ പുക്കളായപ്പോൾ ആ പൂക്കളിൽ നിന്നുയരുന്ന സുഗന്ധത്തെ അടയാളപ്പെടുത്തുന്ന പത്രിക 'വനിക' യാകണം എന്ന് തീരുമാനിക്കുകയായിരുന്നു. പ്രോഗ്രാം കമ്മിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അധ്യാപകരും തൃശൂരിലെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന കുറച്ചു പേരും ചേർന്നപ്പോൾ 'വനിക' യാഥാർത്ഥ്യമായി. മുൻ അധ്യാപകനേതാക്കളായ ടി.വി മദനമോഹനൻ, സി.എ നസീർ എന്നിവരുടെ നിർദ്ദേശങ്ങൾ ഈ കടമ പൂർത്തീകരിക്കാൻ സഹായിച്ചിട്ടുണ്ട്. മൂന്ന് ലക്കങ്ങളിലായി ഇറക്കുന്ന വനികയുടെ പ്രിന്റിംഗ് ദേശാഭിമാനി ഏറ്റെടുത്തു കൂടാതെ സഹകരണ സ്ഥാപനങ്ങൾ പരസ്യം നൽകി സഹായിച്ചതും നമ്മുടെ പ്രയത്നങ്ങളെ ലളിതമാക്കി.

പൂരനാട്ടിലെ കലോത്സവ ചിത്രങ്ങൾ ഒരു പരിധിവരെ രേഖപ്പെടുത്താനും കലോത്സവ സംബന്ധിയായ ഒരു പിടി ലേഖനങ്ങൾ നൽകാനും വനിക പ്രയോജനപ്പെട്ടെന്ന് വിശ്വസിക്കുന്നു. കലോത്സവത്തിന്റെ ആത്മാവ് ഉൾച്ചേരലിലാണ് . വ്യത്യസ്തകളെ ആസ്വദിക്കാനും അംഗീകരിക്കാനും പൊതു സമൂഹത്തെ പര്യാപ്തമാക്കാൻ കലോത്സവങ്ങൾക്ക് കഴിയണം. തുടർന്നുള്ള കലോത്സവങ്ങളിലും സമുഹത്തെ ഒന്നിച്ചൊന്നായ് ചേർത്തു നിർത്താനും സാഹോദര്യത്തിന്റേയും സമഭാവനയുടേയും സന്ദേശം സമൂഹത്തിനും വിദ്യാർത്ഥികൾക്കും നൽകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# കാലത്തെ അതിജീവിക്കുന്ന കലോത്സവം

**എം വി അജയ്കുമാർ**
സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ






**വീ**ണ്ടും കൗമാര കലോത്സവം സാംസ്ക്കാരിക നഗരയിലെത്തുകയാണ്. ലളിതമായ തുടക്കത്തിൽ നിന്നും 2026 ലെത്തുമ്പോൾ ഉത്സവം ഏറെ വലുതായി. ഒരു ദേശത്തിന്റെ സംസ്ക്കാരം സൂചിപ്പിക്കുന്ന ബിംബമായി ഈ കലാമേള മാറിക്കഴിഞ്ഞു. എന്തെന്ത് വൈവിധ്യങ്ങളാണ് അരങ്ങിൽ എത്തുന്നത്. പല കലാരൂപങ്ങളും കാലത്തിന്റ കുത്തൊഴുക്കിൽ നിന്നും രക്ഷപ്പെട്ടത് സ്ക്കൂൾ കലോത്സവ ഇനങ്ങളായി മാറിയപ്പോഴാണ്. പലതും പരീക്ഷിച്ച് ഉറപ്പിച്ച് കടന്ന് വന്നതാണ്. ഒട്ടേറെ തവണ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ നാടൻകലകളുടെ എണ്ണം ഏതാണ്ട് ആയിരത്തി ഇരുന്നൂറ് ആണ്. പലതും ഒരിക്കൽ പോലും തിരികെ വരാത്ത വിധം മൺമറഞ്ഞുപോയി. കേരള ഫോക്‌ലോർ അക്കാദമി കഴിഞ്ഞ വർഷങ്ങളിൽ അഞ്ച് കലാരൂപങ്ങൾക്ക് ജീവൻ നൽകിയിട്ടുണ്ട്. ചെറിയ ഓർമ്മകൾക്ക് ആഹാര്യത്തിലും അഭിനയത്തിലും ജീവൻ നൽകി അവതരിപ്പിക്കുകയാണ്. വടക്കെ മലബാറിൽ മാത്രം നിലനിന്നിരുന്ന പൂരക്കളി എന്ന കലാരൂപം ഇന്ന് കേരളത്തിൽ എല്ലാ സബ്ജില്ലകളിലും അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കാവുകളിലും ക്ഷേത്രങ്ങളിലും മീനമാസത്തിലെ പൂരത്തോടനുബന്ധിച്ച് അവതരിപ്പിച്ചിരുന്ന അനുഷ്ഠാന നിബദ്ധമായ ഒരു കലാരൂപം സാംസ്ക്കാരികത കൈവരിച്ച് വേദിയിലേയ്ക്ക് അവതരിപ്പിക്കപ്പെട്ടു. 18 നിറങ്ങളിലായി വൈവിധ്യങ്ങളേറെയുള്ള കലാരൂപത്തെ ചെറിയ സമയത്തേയ്ക്ക് ചിട്ടപ്പെടുത്തി പരിശീലിപ്പിക്കുന്നതും, പരിശീലകരായി ഈ സംസ്ക്കാരത്തിനകത്തേയ്ക്ക് പോകുകയും ചെയ്യുന്നത് സാംസ്ക്കാരിക വിനിമയത്തിന്റെ വലിയ ഉദാഹരണമാണ്. മാർഗ്ഗംകളി, പരിചമുട്ടുകളി എന്നിവയൊക്കെ മതത്തിന്റെ കെട്ടുപാടിൽ നിന്നും മോചിതമായി. മാപ്പിളകലകളിൽ എന്തെന്ത് നവീകരണങ്ങളാണ് കടന്നുവരുന്നത്. അറബി മലയാളം ഭാഷ ഇന്ന് നിലനിൽക്കുന്നതിന് കാരണങ്ങളിൽ ഒന്ന് ഇപ്പോഴും മൊയിൻകുട്ടി വൈദ്യരുടെ പാട്ടുകൾ യുവജനോത്സവ വേദിയിൽ ശ്രദ്ധിക്കപ്പെടുന്നതുകൊണ്ടാണ്. ക്ഷേത്രകലകളുടെ കാര്യത്തിലും ഇത്തന്നെയാണ് സംഭവിച്ചത്. കൂത്തും, കൂടിയാട്ടവും, കഥകളിയും പൊതുവേദിയിലെത്തുമ്പോഴാണ് കലയുടെ ജനകീയത പ്രകടമാകുന്നത്.

നാടൻപാട്ട് ഏർപ്പെടുത്തിയ വർഷം കറുത്ത ദോത്തിയും ചുവന്ന ബ്ലൗസുമൊക്കെ കെട്ടി നാടാൻപാട്ടിന്റെ വേഷം ഇതാണെന്ന് ബോധ്യപ്പെടുത്താൻ ശ്രമിച്ചവർ പെട്ടെന്ന് തന്നെ മാറിയ രംഗം ഓർമ്മയിലുണ്ട്. ഓരോ ജീവിതത്തെയും സ്പർശിക്കുന്നതാണ് നാടൻപാട്ടുകൾ. അജ്ഞാതകർതൃകൃതമായി പരമ്പരയായി കൈമാറിക്കിട്ടിയ ഈ സമ്പത്ത് അവതരിപ്പിച്ച് കാണുമ്പോഴാണ് ജനസംസ്ക്കാരവൈവിധ്യം എന്ത് എന്ന് സാമാന്യ ജനത അറിയുന്നത്. ഏറ്റവും പുതുതായി ഏർപ്പെടുത്തിയ ആദിവാസി കലകൾ പഠിയ്ക്കുന്നത് ഗോത്രവർഗ്ഗ സമൂഹത്തിലെ മാത്രം കുട്ടികളല്ല. മാവിലനെയോ, മന്നാനെയോ അറിയാത്ത കുട്ടികൾ അവരുടെ ജീവിതത്തിന്റെ ഭാഗമായി കൊട്ടിപ്പാടിയ നൃത്തങ്ങൾ രംഗത്ത് അവതരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സാംസ്ക്കാരിക ഉൾച്ചേരൽ ശ്രദ്ധേയമാണ്. നേരംപോക്കല്ല കലോത്സവത്തിൽ അവതരിപ്പിക്കുന്ന ഇനങ്ങൾ. ചരിത്രത്തിന്റെ ധാരാവാഹികളാണ് കലാകാരന്മാർ. കാലത്തെ ചേർത്ത് നിർത്തുന്ന സൗന്ദര്യത്തെ ആവാഹിക്കുന്ന ചരിത്രബോധമുള്ള അവതരണങ്ങൾ ഏറെ ചിന്തിക്കാനുള്ള ഉപാധികൂടിയാണ്. 249 ഇനങ്ങൾ അവതരിപ്പിക്കപ്പെടുന്ന ഒരു കലോത്സവത്തിന്റെ അനുബന്ധമായി രുചിമേളകളും, കാഴ്ചയുടെ മറ്റ് വൈവിധ്യങ്ങളും കൂടിച്ചേരുമ്പോൾ കലയുടെ സംഭാരമായി മാറുകയാണ്. ജീവിതം തന്നെയാണ് കലയെന്ന് കാലം ഓർമ്മിക്കുകയും ചെയ്യുന്നു.





# കലയും കായികവും പാട്ടിലാക്കി പ്രഫുൽദാസ്

(പ്ലസ് ടു വിദ്യാർഥി
ജി.എച്ച്.എസ്.എസ് പൊറ്റശ്ശേരി, പാലക്കാട്)

**താ**ളമേളങ്ങളുടെ അകമ്പടിയോടെ ഈ പുതുവർഷത്തിൽ കലാമാമാങ്കത്തിനെ നെഞ്ചിലേറ്റിക്കഴിഞ്ഞു കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം. കലകളുടെ ഉത്സവം കൊടിയേറിയത് അതിന്റെ ഏറ്റവും പ്രിയപ്പെട്ട ദേശത്തു തന്നെയാണ് എന്നതാണ് ഈ കലോത്സവത്തിന്റെ പ്രത്യേകത. ഒരു 'തൃശ്ശൂർ പൂരം' കാണുന്നതു പോലെത്തന്നെ!

യുവതയുടെ ആവേശം അലതല്ലുന്ന ഈ ഉത്സവത്തിന് പ്രമേയഗാനം തയ്യാറാക്കാൻ കഴിഞ്ഞു എന്നത് ഒരു നാട്ടിൻപുറത്തെ വിദ്യാലയകുടുംബത്തിൽ അംഗങ്ങളായ ഞാനുൾപ്പെടെയുള്ളവർക്ക് അഭിമാനവും, സന്തോഷവും നൽകുന്നുണ്ട്. അതു കൊണ്ടുതന്നെ ഞങ്ങൾ 'പൊറ്റശ്ശേരിയൻസിന് ' ഇത് തെല്ല് പ്രത്യേകതയാർന്ന കലോത്സവമാണ്. അതിനോടൊപ്പം ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളയുടെ പ്രമേയഗാനത്തിന് എന്റെ രചന തിരഞ്ഞെടുക്കപ്പെട്ടിരുന്നു എന്ന സന്തോഷം കൂടി...

അയക്കേണ്ട അവസാന തീയതിയുടെ ഏതാണ്ട് നാലു ദിവസം മുൻപാണ് സംസ്ഥാന കലോത്സവത്തിന് തീം സോങ്ങ് രചനകൾ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം കാണാനിടയാകുന്നത്. രണ്ടു ദിവസം കൊണ്ടുതന്നെ വരികൾ തയ്യാറാക്കാൻ സാധിച്ചു. എന്നാൽ വീണ്ടും മൂന്നു തവണയോളം എഡിറ്റിങ്ങ് നടത്തേണ്ടി വന്നു വരികൾ പൂർണ്ണരൂപത്തിൽ എത്തിക്കാൻ. മലയാളത്തിന്റെ സംസ്കാരത്തെക്കുറിച്ചും, നാടൻപാട്ടും, ഒപ്പനയും, വഞ്ചിപ്പാട്ടും, കഥകളിയും കോർത്തിണക്കിയ കലാമേളയുടെ 64 വർഷത്തെ പാരമ്പര്യം തന്നെയായിരുന്നു പാട്ടിന്റെ പ്രമേയം. അടുത്ത ഘട്ടം ഈണം നൽകുന്നതായിരുന്നു. വൈവിധ്യമാർന്ന ഉപകരണങ്ങളുടെ സംഗീതം ഉൾപ്പെടുത്തി ഈണം നൽകിയപ്പോൾ ഏഴ് മിനിറ്റോളം ആയിരുന്നു പാട്ടിന്റെ ദൈർഘ്യം. അഞ്ച് മിനിറ്റിൽ കവിയരുത് എന്ന നിർദ്ദേശം ഉണ്ടായിരുന്നതുകൊണ്ടുതന്നെ കലകളുടെ വിസ്മയലോകം വർണ്ണിക്കുന്ന ഏതാനും വരികൾ മാറ്റിനിർത്തേണ്ടതായി വന്നു. അവസാനഘട്ടമായി പാട്ടിനെ ഇഷ്ടപ്പെടുന്ന ഞങ്ങൾ കുറച്ചുപേർ ഒത്തുകൂടി. ഈണത്തിനെയും വരികളെയും ഹൃദയത്തോട് ചേർത്തുവെച്ച് അത് പാടി. വിദ്യാലയത്തിലെ സാങ്കേതിക പരിമിതികൾ മൂലം ആ പ്രദേശത്ത് തന്നെയുള്ള ഒരു സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്തു. സാങ്കേതികമായ പരിമിതികളും , ആദ്യമായി സ്റ്റുഡിയോയിൽ പാടാൻ വന്നതിന്റെയും ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നു. ഞങ്ങളിൽ ആധികാരികമായി സംഗീതം പഠിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. എന്നാൽ പ്പോലും ഞങ്ങളുടെ നാടിന്റെ , അതിന്റെ ഗ്രാമീണതയുടെ സംഗീതമായി അത് മാറി.

ഒരു നാട്ടിൻപുറത്തെ വിദ്യാലയത്തിന് കലാ സാംസ്കാരിക രംഗത്ത് എന്തെല്ലാം ചെയ്യാനാകും എന്നതിന്റെ അക്ഷരസത്യമായി ഞങ്ങളുടെ 'ടീം പൊറ്റശ്ശേരി' മാറുന്നുവെന്നത് അതിലേറെ ഭംഗിയാർന്നതാണ്. അവസാനഘട്ട മിനുക്കുപണികൾ നടത്തുന്നതുവരെ എല്ലാ പിന്തുണയും നൽകിയ അധ്യാപകരെയും ഓർക്കാതിരിക്കാൻ കഴിയില്ല...

എഴുത്തിന്റെ വഴിയിലാണ് ഈ ഭാഗ്യമെല്ലാം കൈവന്നതെങ്കിലും, ഓരോ വരികളെയും ഈണത്തിലും ഭാവത്തിലും ചൊല്ലാനും, ആസ്വദിക്കാനും എനിക്ക് പ്രേരണയായ കലോത്സവവേദികൾ ഇന്നും മനസ്സിൽ മായാതെയുണ്ട്. ഒരു വരി എഴുതാൻ തോന്നുമ്പോൾ, പാലക്കാട് ജില്ലാ കലോത്സവത്തിന്റെ വേദിയിൽ കവിത ചൊല്ലാൻ നിൽക്കുന്ന, അത് കേൾക്കാൻ തയ്യാറായിരിക്കുന്ന ഒരുപാട് മുഖങ്ങളെ ഓർമ്മവരാറുണ്ട്. ചൊല്ലലിലെ ഏറ്റക്കുറച്ചിലുകൾ മൂലം സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടാതെ വേദിയിൽ നിന്ന് മടങ്ങുമ്പോഴും നിരാശ തോന്നാതിരുന്നത് കലകളുടെ ഉത്സവനഗരി അത്രത്തോളം ആസ്വദിച്ചതുകൊണ്ടു തന്നെയാണ്. ഇന്ന് കലകളുടെ പൂരം കൊടിയേറുന്ന മണ്ണിൽ, ഒരുപാട് പ്രതിഭകളുടെ കാതുകളിൽ കേൾക്കാൻ ഞങ്ങൾ തയ്യാറാക്കിയ ഗാനം ഉണ്ടായിയെന്നത് ഏറെ സന്തോഷം നൽകുന്നുണ്ട്. മനസ്സുകൊണ്ട് കലോത്സവനഗരിയുടെ ഈ ആഹ്ളാദത്തിൽ ഞങ്ങളും പങ്കാളികളാകുന്നു.

# കലോത്സവ കാഴ്ചകൾ

സിന്ധു കെ.
ഹൈസ്ക്കൂൾ ടീച്ചർ, ഗവ.മോഡൽ ഗേൾസ് തൃശൂർ



ഗോപിമാഷ് കലാപൂരം വരയ്ക്കുകയാണ്. കലോത്സവ വേദികളിലെല്ലാം കയറിയിറങ്ങി കലോത്സവ കാഴ്ചകൾ ഒപ്പിയെടുത്ത് ആരട്ടിസ്റ്റിക് സ്കെച്ചുകളാക്കി വരയുടെ പൂരം നിർമ്മിയ്ക്കുകയാണ്. ഗവൺമെന്റ് കുമരനെല്ല് സ്ക്കൂളിലെ റിട്ടയേർഡ് ചിത്രകലാ അധ്യാപകനാണ് പോട്ടോർ ദേശത്ത് താമസിക്കുന്ന ഗോപിമാഷ് വർഷങ്ങളായി സംസ്ഥാന കലോത്സവ വേദികളിൽ കയറി. വിവിധ ജില്ലകളിൽ താമസിച്ച് അവിടത്തെ ജനതയുടെ വിവിധ സ്കെച്ചുകൾ അവരറിയാതെ പുസ്തകതാളുകളിൽ വരച്ചിടും. അതിൽ കലാരൂപങ്ങളുണ്ട്, കലാപ്രതിഭകളുണ്ട്, രക്ഷിതാക്കളുണ്ട്, പൊതുജനങ്ങളുണ്ട്, വിവിധ വേഷ പകർച്ചയും, ഭാവപകർച്ചയുമുള്ള കാണികളുണ്ട് അങ്ങിനെയങ്ങനെ. ഓരോ കലോത്സവത്തിനും 200 ഓ 400 ഓ പേജുള്ള ഓരോ പുസ്തകങ്ങളാണ്. ഒട്ടനവധി ചിത്രകലാകാരന്മാരെ വാർത്തെടുത്ത പ്രതിഭകൂടിയാണ്. ഗോപിമാഷ് കലോത്സവങ്ങൾ മാഷിനിന്നും ഒരു ഹരമാണ്. കലാമാമാങ്കങ്ങൾ മത്സരവേദിയിൽ തിമർത്താടുമ്പോൾ പുസ്തകതാളുകളിൽ കലാപൂരത്തിന്റെ പ്രതിഭാസംഗമങ്ങൾ മാഷ് തീർത്തിരിക്കും. 1987 ൽ തുടങ്ങിയതാണ് ഗൗരവചിത്രവരയോടുള്ള മാഷിന്റെ സമീപനം. ഇന്ന് വരകളുടെ രീതി മാറും. പേനകളുടെ സംവിധാനങ്ങൾ വ്യത്യസ്തമായി. പക്ഷേ അതിലും മാഷ് പഠനം നടത്തി പുതിയ പുതിയ ചിത്രരചനരീതികൾ മാഷ് അവലംബിക്കുന്നു. ജനുവരി 14 മുതൽ 18 വരെ നടക്കുന്ന കലോത്സവ പൂരത്തിൽ കാണുന്ന കാഴ്ചകളെ ഒന്നോ രണ്ടോ മിനിറ്റിൽ ചിത്രീകരിക്കുന്ന രീതി മഹാത്ഭുതം തന്നെ മാഷിന്റെ പ്രതിഭയുടെ കിരണങ്ങൾ കലോത്സവവേദികൾക്ക് മാറ്റുകൂടുന്നു. 4 ദിവസങ്ങളിലായി നടക്കുന്ന കലാമത്സരങ്ങളുടെ കലോത്സവ കാഴ്ചകളുടെ സംക്ഷിതരൂപം മാഷിന്റെ വരകളിൽ ദർശിക്കാവുന്നതാണ്.








# കലോത്സവ ചരിത്ര മരം

സംസ്ഥാന സ്കൂൾ കലോത്സവ നഗരിയിൽ ഉയർത്തിയ കൂറ്റൻ കലോത്സവ ചരിത്ര മരം ശ്രദ്ധേയമാകുന്നു.27 അടി ഉയരവും 10 അടി വീതിയുമുള്ള ഫ്രെയിമിലാണ് ചരിത്ര മരം ഒരുക്കിയിട്ടുള്ളത്.യൂ ആർ പ്രദീപ് എം എൽ എ യുടെ നേതൃത്വത്തിൽ സ്വർണ്ണ കപ്പിന് ചേലക്കര നിയോജകമണ്ഡലം നൽകിയ സ്വീകരണത്തിന്റെ ഭാഗമായി ചേലക്കര ശ്രീ മൂലം തിരുനാൾ ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരുക്കിയ ചരിത്ര മരമാണ് സംസ്ഥാന കലോത്സവ നഗരിയിൽ എത്തിച്ചിട്ടുള്ളത്. കലോത്സവം എന്ന ആശയം സംസ്ഥാനത്തിന് സമ്മാനിച്ച ഡോ സി എസ് വെങ്കിടേശ്വരൻ , കലോത്സവം പ്രാവർത്തികമാക്കിയ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ ജോസഫ് മുണ്ടശ്ശേരി മാസ്റ്റർ, നേതൃത്വം നൽകിയ മുഖ്യമന്ത്രി ഇ എം എസ് എന്നിവരുടെ സ്മരണകളെ ചരിത്ര മരത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്.1957 മുതൽ 2025 വരെ നടന്ന കലോത്സവങ്ങളിലെ സംസ്ഥാന ജേതാക്കളെ ചരിത്രമരം അടയാളപ്പെടുത്തുന്നു.കൂടുതൽ തവണ ജേതാക്കളായ ജില്ലകളെ ആദ്യ ശിഖിരങ്ങളിൽ മരത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.63 വർഷത്തെ കലോത്സവ ജേതാക്കളുടേയും കലോത്സവത്തിന്റെയും നാൾവഴികൾ പറയുന്ന ചരിത്ര മരത്തിന്റെ ആശയം ദേശമംഗലം ഗവ : ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനായ ഡോ.E R ശിവപ്രസാദിന്റെതാണ്. ചെറുതുരുത്തി പള്ളം സ്വദേശിയായ ആർട്ടിസ്റ്റ് സുമേഷും സംഘവുമാണ് ചരിത്രമരം തയ്യാറാക്കിയത്. സംസ്ഥാന കലോത്സവ നഗരിയിലെ കാഴ്ചകൾക്ക് മിഴിവേകി ചേലക്കരയുടെ കലോത്സവ ചരിത്രമരം ഉയർന്നു നിൽക്കുന്നത് തൃശ്ശൂർ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലാണ്.



# ഒരു കലോത്സവ കാലത്തിന്റെ ഓർമ്മയ്ക്കായ്

**ഡോ.സി.രാവുണ്ണി**

**അ**ത്ഭുതാദരങ്ങളോടെയാണ് ഇളംപ്രതിഭകളെ ഞാൻ നോക്കിക്കാണുന്നത്. എന്തൊരു തികവും ഭാവനയും ആണ് കുഞ്ഞുങ്ങൾക്ക്. അവരുടെ ഊർജ്ജസ്വലത , എന്തും സ്വാംശീകരിക്കാനുള്ള കഴിവ് ,അതിശയിപ്പിക്കുന്നു. ഏറ്റവും മഹത്തായ കലോത്സവം സ്കൂൾ കലോത്സവമാണ് .ഇന്റർ സോൺ ഫെസ്റ്റിവലിനോ അക്കാഡമി കലാമത്സരങ്ങൾക്കോ കാണാനാവാത്ത പ്രതിഭാവിലാസം സ്കൂൾ കലോത്സവത്തിന് ഉണ്ട്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ വാർത്തകൾ അറിയാൻ വലിയ ആകാംക്ഷയുണ്ട്.

എന്റെ സ്കൂൾ കാലം ഞാൻ ഓർക്കുന്നു. ഓട്ടൻതുള്ളലിൽ എല്ലാ കൊല്ലവും എനിക്കായിരുന്നു സമ്മാനം. ഞാൻ സ്റ്റേജിൽ വന്ന് ആദ്യത്തെ വരി പാടി കളിച്ചു തുടങ്ങിയാൽ സദസ്സ് ഇളകിയാർത്ത് ചിരിച്ചുകൊണ്ടിരിക്കും.

കവിതയ്ക്കും കഥയ്ക്കും അക്കാലത്ത് സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്. എന്നാൽ സ്കൂൾ തലത്തിനപ്പുറം സബ്ജില്ലാ ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ ഒന്നും പങ്കെടുക്കാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടില്ല.സ്കൂളിൽ നിന്ന് ഒരു ചെറിയ ടീം പോയി ഏതാനും ഇനങ്ങളിൽ മാത്രം പങ്കെടുത്ത് പോരുക മാത്രമാണ് പതിവ്. എന്റെ ഇനങ്ങൾ സ്കൂളിന്റെ പ്രിയ മത്സര ഇനങ്ങൾ ആയിരുന്നില്ല. ജില്ലാ സംസ്ഥാന സ്കൂൾ കലോത്സവങ്ങളെ കുറിച്ച് പത്രങ്ങളിൽ വായിച്ച് തൃപ്തിപ്പെടുക മാത്രമായിരുന്നു അക്കാലത്ത് ഞങ്ങൾക്ക് സാധിച്ചിരുന്നത്.

കുട്ടികൾക്ക് ഇന്ന് എല്ലാ അവസരങ്ങളും നമ്മൾ തുറന്നു കൊടുക്കുന്നുണ്ട്. മാതൃകാപരമായ പ്രവർത്തനങ്ങൾ നടക്കുന്നു. വിദ്യാരംഗത്തിന്റെ മികച്ച പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചി വളർത്തിയെടുക്കുന്നതിന് വലിയ അളവിൽ സഹായകമാകുന്നു. അതുപോലെ ഏതൊരു വിഭാഗത്തിൽ കഴിവുള്ള കുട്ടിയായാലും അങ്ങേയറ്റം വരെ വളർത്തിക്കൊണ്ടു വരാൻ വിദ്യാഭ്യാസ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തെ എല്ലാ പ്രവർത്തനങ്ങളും അങ്ങേയറ്റം സർഗ്ഗാത്മകമാണ് എന്ന് ഞാൻ അറിഞ്ഞിട്ടുണ്ട്.

മത്സരങ്ങളിൽ വിധികർത്താവായി പോകുന്ന ആദ്യകാലങ്ങളിൽ ഒക്കെ പങ്കെടുക്കുന്ന കുട്ടികളുടെ മുഖത്തെ പരിഭ്രമവും വേവലാതിയും കണ്ടു ഞാൻ വിഷമിച്ചിട്ടുണ്ട് .പ്രൈമറി ക്ലാസുകളിലെ കുട്ടികൾ പ്രസംഗമത്സരത്തിൽ പങ്കെടുക്കുമ്പോൾ ചിലപ്പോൾ പഠിച്ചുവെച്ചത് പലതും മറന്നുപോകും. ആ സമയത്ത് കുട്ടികളുടെ വിഷമവും വെപ്രാളവും കണ്ട് എന്നിലെ പിതാവ് /മുത്തച്ഛൻ വേദനിച്ചിട്ടുണ്ട്.സമ്മാനിതർക്ക് മാത്രം സന്തോഷം കിട്ടുന്ന കലോത്സവങ്ങൾ ആയിരുന്നു അക്കാലത്തേത് .ഗ്രേഡ് കാലം വന്നപ്പോൾ പിരിമുറുക്കം പോയി .

മാർക്ക് തടയാൻ എന്തു വഴി എന്ന് നോക്കുന്നതിന് പകരം മാർക്ക് കൊടുക്കാൻ എന്തു വഴി എന്ന് ചിന്തിക്കുന്ന സംവിധാനം വന്നു. കലോത്സവങ്ങൾ അക്ഷരാർത്ഥത്തിൽ വിദ്യാർത്ഥികളുടേതായി .

ആ മാറ്റത്തിന്റെ നിറവിൽ ആണ് ഇത്തവണത്തെ കലോത്സവം. ഒരു തൃശൂർക്കാരൻ എന്ന നിലയിൽ ഞാനും ഈ കലോത്സവത്തെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്നു.





**പി. എം. ബാലകൃഷ്ണൻ**

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ

പ്രിയരേ.....

ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമാമാങ്കമായ 64 ാമത് കേരളസ്കൂൾ കലോത്സവം കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ശക്തന്റെ തട്ടകത്തിൽ 2026 ജനുവരി 14 മുതൽ 18 വരെ അരങ്ങേറുകയാണ്.

വൈദഗ്ധ്യവും ഭാവനയും കോർത്തിണക്കി അർത്ഥവും സൗന്ദര്യവും ഉളവാക്കുന്ന സർഗ്ഗാത്മക സൃഷ്ടികളെ മാനവസമൂഹം എക്കാലവും ആസ്വദിക്കുകയും അനുകരിക്കുകയും ചെയ്തിട്ടുണ്ട് .

നിരവധി മഹാപ്രതിഭകൾക്ക്

ജന്മം നൽകിയ നമ്മുടെ നാടും നഗരവും

അഞ്ച് ദിവസം രാത്രിയെ പകലാക്കി മാറ്റുന്ന കലയുടെ ഈ മഹാപൂരത്തെ അക്ഷരാർത്ഥത്തിൽ നെഞ്ചേറ്റിക്കഴിഞ്ഞുവെന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്നതാണ്.

ലോകം നേരിടുന്ന മഹാ വിപത്തായ ലഹരി ഉപയോഗത്തിനെതിരെ ഓരോ കൂട്ടായ്മയും മാറണമെന്ന പൊതുവിദ്യാഭ്യാസവകുപ്പിന്റെ ദീർഘദർശനത്തിന്റെ ഭാഗമായി

സംഘടിപ്പിച്ച ''ലഹരിക്കെതിരെ മനുഷ്യചങ്ങല'' യിൽ ആയിരകണക്കിന് കുട്ടികളും ജനപ്രതിനിധികളും ബഹുജനങ്ങളും ഏകമനസ്സോടെ ചങ്ങലകണ്ണികളായി മാറിയത് ഉത്തരവാദിത്വവും സ്നേഹവും കരുതലുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് കലോത്സവം പോലെയുള്ള വലിയ സാംസ്ക്കാരിക കൂടിച്ചേരലുകൾക്ക് കഴിയും എന്നതിന് ഉദാഹരണം കൂടിയാണ് .

കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്ന് കൗമാര കലാവസന്തത്തിൽ മാറ്റുരയ്ക്കുവാനെത്തുന്ന എല്ലാ കൊച്ചുമിടുക്കർക്കും ഈ മഹോത്സവം ജീവിതത്തിൽ മനോഹരമായ ഒരനുഭവമായി തീരട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

## കലോത്സവം സമയബന്ധിതം

**അ**നിശ്ചിതമായി മത്സരങ്ങൾ വൈകുന്ന കലോത്സവകാലമല്ല ഇത്തവണ. കൃത്യസമയത്ത് മത്സരങ്ങൾ തുടങ്ങുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതും പതിവായിരിക്കുന്നു. മണിക്കൂറുകളോളം മത്സരാർത്ഥികൾ കാത്തിരുന്നു തളർന്നിരുന്നത് കഴിഞ്ഞ കാലം.



# കലോത്സവ കാഴ്ചകൾ













## മയൂരസന്ദേശം

**റഫീക്ക് അഹമ്മദ്**

ആളുകളെത്തി അരങ്ങൊരുങ്ങി
ആവേശ മത്സരവേളയായി
ആപാദചൂഡമണിഞ്ഞൊരുങ്ങി
അമ്മു അണിയറയ്ക്കുള്ളിലെത്തി
ആശാനിടയ്ക്കിടെ വന്നുപോയി
അമ്മ വിയർത്തു വിശറി വീശി.
എത്രനാളായുള്ള കാത്തിരിപ്പാ
ണെത്ര കടുത്ത പ്രയത്നമാണ്
വിദ്യാലയത്തിനും നാട്ടുകാർക്കും
അമ്മയ്ക്കുമെന്തൊരു വാശിയാണ്.

പേരു വിളിച്ചു, ഉടൽ വിറച്ചു,
സർവ്വേശ്വരന്മാരെയും നിനച്ചു
അമ്മു അരങ്ങിൽ കടന്നുചെന്നു
എല്ലാം മറന്നവൾ നൃത്തമാടി
എല്ലാവരും ചേർന്നു കയ്യടിച്ചു
അമ്മയുമച്ഛനും വീർപ്പയച്ചു.

പിന്നെയവൾ വന്നു വിശ്രമിച്ചു
എങ്കിലുമുള്ളിൽ പരിഭ്രമിച്ചു
അമ്മുവും അമ്മയും വീട്ടുകാരും
തിങ്ങുമുത്കണ്ഠയിൽ വെമ്പി നിന്നു.

ഏറെകഴിഞ്ഞില്ല മൈക്കിൽ നിന്നും
പാറി വിജയിതൻ നാമധേയം
അമ്മുവല്ലെന്നതറിഞ്ഞ നേരം
അമ്മയാണാദ്യം തളർന്നു വീണു
പിന്നെ മടങ്ങി, ഹതാശരായി
തമ്മിലൊരക്ഷരം മിണ്ടിടാതെ.

രാവു മറഞ്ഞു പകൽ വിരിഞ്ഞു
ആരോ മരിച്ചപോൽ വീടുറങ്ങി
മധ്യാഹ്നമായ് പിന്നെ സന്ധ്യയായി
ഒറ്റയ്ക്കെണീറ്റു നടന്നാളമ്മു
വെള്ളിച്ചിലങ്കയരമണിയും
കള്ളിമുൾക്കാട്ടിലേക്കോങ്ങി നിന്നു.
ആകാശമാകെയിരുണ്ടിരുന്നു
ദൂരെ മഴക്കോളുരുണ്ടിരുന്നു
പെട്ടെന്നു പാടവരമ്പിലപ്പോൾ
ഒറ്റയ്ക്കൊരാൺമയിൽ പീലി നീർത്തി.

ആളില്ലനക്കമില്ലാരുമില്ല
ആർപ്പില്ല, കയ്യടിമേളമില്ല
ആത്മാവിനുൾക്കടമായൊരേതോ
ആവശ്യമെന്നപോലാ നടനം
സമ്മാനമില്ല, സംഘർഷമില്ല
ഉന്മദ വിസ്മയമാം വിലാസം
എല്ലാം മറന്നമ്മു നിന്നുപോയി
ഉള്ളിൽ ചിരിച്ചു തിരിച്ചുപോയി



# കലോത്സവം കാണാത്തവർ



**ഓ**രോ മലയാളിയും ഓരോ സ്കൂൾ കലോത്സവവും അവസാനിപ്പിക്കുന്നത് അടുത്ത കലോത്സവത്തിന്റെ തുടക്കത്തിനാണ്. പുതിയ താരങ്ങൾ, പുതിയ കണ്ടെത്തലുകൾ, പുതിയ പരീക്ഷണങ്ങൾ, പുത്തൻ പ്രതീക്ഷകൾ,

കാണാ കാഴ്ചകൾ, കൂട്ടങ്ങളുടെ കൂടിച്ചേരലുകൾ, ഗൃഹാതുരതയെ ഉണർത്തുന്ന ദിനങ്ങൾ എന്നിങ്ങനെ സാധാരണ മലയാളിയെ കലോത്സവത്തിൽ എത്തിക്കുന്ന ഒട്ടേറെ കാരണങ്ങളുണ്ട്. എന്തോ മലയാളിക്ക് കലോത്സവങ്ങൾ ഇഷ്ടമാണ്.

ഓരോ കലോത്സവവും ഓർമ്മയിൽ വരക്കുന്നത് സുന്ദരമായ നിറങ്ങളും, ആസ്വാദ്യകരമായ ശബ്ദങ്ങളും, ചടുലമായ ചലനങ്ങളും, സംഘാടനത്തിന്റെ മികവുമൊക്കെയായിരിക്കും. എന്നാൽ കലോത്സവ വേദിയിൽ രാത്രിയെ പകലാക്കി മാറ്റുന്ന അധ്യാപകരെ എത്രപേർ ശ്രദ്ധിക്കും? ഏതൊരു ഇവന്റ് മാനേജ്മെന്റ് ടീമിനേയും തേൽപ്പിക്കുന്ന സംഘാടനമാണ് കലോത്സവങ്ങൾ നമുക്ക് നൽകുന്നത്.

കലോത്സവത്തിന്റെ തിയതി പ്രഖ്യാപിക്കുന്നത് മുതൽ അവസാനിക്കുന്നതു വരെ ഊണും ഉറക്കവുമില്ലാത്തവർ. പ്രോഗ്രാം ഫിക്സ്ചർ നിർമ്മാണം മുതൽ വിജയിക്ക് സമ്മാനം കൈമാറുന്നതു വരെ ചിട്ടയായി ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തുന്നവർ. കലോത്സവത്തിന്റെ ഓരോ ഘട്ടത്തിലും ഇക്കൂട്ടരുടെ അനുഭവ സമ്പത്ത് ഒഴിച്ചുകൂടാനാകാത്തതാണ്. പ്രോഗ്രാം ചിട്ടപ്പെടുത്തൽ, നോട്ടീസ് തയ്യാറാക്കൽ, വേദി സജ്ജീകരിക്കൽ, ഇലക്ഷൻ ഡ്യൂട്ടിയെ വെല്ലുന്ന രീതിയിൽ സ്റ്റേജ് ഡ്യൂട്ടി ഏറ്റെടുത്ത് കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കൽ, ഭക്ഷണം കൃത്യമായി വേദിയിൽ എത്തിക്കുന്നതും, സമയബന്ധിതമായി സർട്ടിഫിക്കറ്റ് പ്രിന്റു ചെയ്ത് വിതരണം ചെയ്യൽ വരെ നീളുന്നതാണ് പ്രോഗ്രാം കമ്മിറ്റിയുടെ ചുമതല.

ഇത്തവണത്തെ കലോത്സവത്തിന്റെ പ്രോഗ്രാം കമ്മിറ്റി കേരളത്തിലെ പ്രധാന അധ്യാപക സംഘടനയായ കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ) യാണ് ഏറ്റെടുത്തത്. സംസ്ഥാന വൈസ് പ്രസിഡണ്ടായ എം.എ അരുൺ കുമാർ കൺവീനറായും ഡോ. സിജി പി.സി, സാജൻ ഇഗ്നേഷ്യസ്, കെ പ്രമോദ് എന്നിവർ ജോയിന്റ് കൺവീനർമാരുമായ കമ്മിറ്റി ഏറ്റവും മികച്ച ആസൂത്രണത്തോടെ കലോത്സവ വിജയത്തിനായി പ്രവർത്തിച്ചു. ഓഫീസ്, അപ്പീൽ, സ്റ്റേജ് ഡ്യൂട്ടി, ഭക്ഷണം, അച്ചടി, കലോത്സവ പത്രിക തുടങ്ങി വിവിധങ്ങളായ സബ് കമ്മിറ്റികൾ രൂപീകരിച്ച് ചിട്ടയോടെ പ്രവർത്തിക്കാനായതാണ് കലോത്സവത്തിന്റെ വിജയത്തിന് നിദാനം. പ്രോഗ്രാം നോട്ടീസിന് പുറമേ ടീം മാനേജർമാർക്കും , സ്റ്റേജ് മാനേജർമാർക്കും സഹായകമായ കൈ പുസ്തകങ്ങൾ തയ്യാറാക്കുകയും അച്ചടിച്ച് വിതരണം ചെയ്തു. ടീം മാനേജർമാർക്കും ഐ.ടി കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്ത് . സമയ ബന്ധിതമായി പരിപാടികൾ പൂർത്തീകരിക്കാൻ ഇത് സഹായിച്ചു. കൃത്യസമയത്ത് ഭക്ഷണം സ്റ്റേജിൽ എത്തിക്കുന്നതിനായി ഒരു ടീം തന്നെ പ്രവർത്തിച്ചു. പ്രോഗ്രാം കമ്മിറ്റിയുടെ ഭാഗമായി സ്റ്റേജ് ഡ്യൂട്ടി ചെയ്തവർക്ക് മാത്രമല്ല കലോത്സവത്തിന്റെ ഭാഗമായി ഓരോ വേദിയിലുമുള്ള മറ്റു കമ്മിറ്റി അംഗങ്ങൾക്കും ഭക്ഷണം എത്തിച്ചത് പ്രോഗ്രാം കമ്മിറ്റിയായിരുന്നു. കലോത്സവ വാർത്തകളും ലേഖനങ്ങളും ആളുകളിലേക്ക് എത്തിക്കാൻ വാർത്താപത്രിക ടീം ശ്രദ്ധിച്ചിട്ടുണ്ട്. കലോത്സവത്തിന്റെ സർട്ടിഫിക്കറ്റുകൾ എത്രയും വേഗം ട്രോഫി കമ്മിറ്റിക്ക് നൽകാനും പ്രോഗ്രാം കമ്മിറ്റി ശ്രദ്ധിച്ചു.

കലോത്സവത്തിന്റെ ഭാഗമായി പൂർണസമയം കമ്മിറ്റിയോട് ചേർന്ന് പ്രവർത്തിക്കുകയും നിർദ്ദേശങ്ങൾ നൽകി മുമ്പിൽ നിന്ന് നയിച്ച കമ്മിറ്റി ചെയർമാൻ എ സി മൊയ്തിൻ എം. എൽ എ , വൈസ് ചെയർമാൻ യു .പി ജോസഫ്, ടി.കെ വാസു, എന്നിവരും കലോത്സവ വിജയത്തിനായി സംഘാടക സമിതിയെ ചലിപ്പിച്ച വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി, മന്ത്രിമാരായ ഡോ. ആർ ബിന്ദു, കെ രാജൻ എന്നിവരേയും സ്നേഹത്തോടെ സ്മരിക്കട്ടെ. കലോത്സവത്തിന്റെ വിജയം പ്രോഗ്രാം കമ്മിറ്റിയുടെ കൂട്ടായ പ്രയത്നത്തിന്റെ ഭാഗമാണ്. ഓരോ പ്രവർത്തകന്റേയും ആത്മാർത്ഥതയുടെയും അർപ്പണബോധത്തിന്റെയും വിജയമാണ്. ഇനി വരുന്ന കലോത്സവങ്ങൾ വിജയകരമാക്കുന്നതിന് നിഷ്കാമ കർമ്മികളായ അധ്യാപകർ കാണിച്ച ഈ മാതൃക തുടരുക തന്നെ ചെയ്യും.

